# സമഗ്രശിക്ഷാ കേരളം

**A** | **GI 602**

## വാർഷിക മൂല്യനിർണ്ണയം 2023-2024

### മലയാളം

### കേരള പാഠാവലി

**ക്ലാസ്: 6** | **സമയം: 2 മണിക്കൂർ**

---

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസസമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതുക. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

- ആശയഗ്രഹണ വായനയ്ക്കുശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു.

***സൂചകങ്ങൾ***

എ. കണ്ണ് (1)

ബി. ജാനമ്മ ടീച്ചറിനെ (1)

സി. ജാനമ്മടീച്ചർ പിരിഞ്ഞുപോവുന്നത്. (1)

ഡി. ജാനമ്മ ടീച്ചറിനെ ഇഷ്ടമായതിനാൽ (1)

ഇ. സങ്കടം (1)

**പ്രവർത്തനം 2 - ആസ്വാദനക്കുറിപ്പ്**

***പഠനനേട്ടം***

- കവിതയുടെ ആശയം, രചനാരീതി, സാമൂഹ്യപ്രസക്തി, വ്യത്യസ്തതകൾ എന്നിവ പരിഗണിച്ച് സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ച് ആസ്വാദനം തയ്യാറാക്കുന്നു.

***സൂചകങ്ങൾ***

എ) • പ്രധാനാശയം കണ്ടെത്തി എഴുതിയിട്ടുണ്ട്. (1)

- തലക്കെട്ടിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സ്വന്തം നിലപാടിലൂന്നി നിന്നുകൊണ്ട് കവിതയെ വിലയിരുത്തിയിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**ബി)** വാനം (1)

**പ്രവർത്തനം 3 : വിശകലനക്കുറിപ്പ്**

***പഠനനേട്ടം***

- കാഴ്ച, കേൾവി, വായന എന്നിവയിലൂടെ ഉൾക്കൊണ്ട കാര്യങ്ങൾ യുക്തിപൂർവ്വം വിശകലനം ചെയ്ത് സ്വാഭിപ്രായത്തോടെ എഴുതിയവതരിപ്പിക്കുന്നു.

***സൂചകങ്ങൾ***

എ) • പ്രശ്നത്തെ/സന്ദർഭത്തെ വിശകലനം ചെയ്ത് പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)

- വിശകലനം ശക്തമായി അവതരിപ്പിക്കുന്നതിനിണങ്ങിയ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും വ്യക്തമാക്കിയിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**ബി)** വെള്ള + പരപ്പ് (1)

**പ്രവർത്തനം 4 - ഉപന്യാസം**

*പഠനനേട്ടം*

- കാഴ്ച, കേൾവി, വായന എന്നിവയിൽ നിന്നും സ്വാംശീകരിച്ച ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഉപന്യാസം തയ്യാറാക്കുന്നു.

*സൂചകങ്ങൾ*

- അനാചാരങ്ങൾ സമൂഹത്തിനേൽപ്പിക്കുന്ന വിപത്ത് ശക്തമായി ചൂണ്ടിക്കാട്ടുന്നുണ്ട്. (1)
- മാധ്യമങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ഉൾക്കൊണ്ട കാര്യങ്ങൾ ഉദാഹരണ സഹിതം വിവരിച്ചിട്ടുണ്ട്. (1)
- ഉന്നയിക്കപ്പെട്ട പ്രശ്നത്തിനുള്ള പരിഹാര നിർദേശങ്ങളുണ്ട്. (1)
- ഉപന്യാസത്തിന്റെ ഘടന (തലക്കെട്ട്, ആമുഖം, വിശദാംശങ്ങൾ, ഖണ്ഡികാകരണം, ഉപസംഹാരം) പാലിച്ചിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

**പ്രവർത്തനം 5 : വർണ്ണന**

*പഠനനേട്ടം*

- കാഴ്ച, കേൾവി, വായന എന്നിവയിലൂടെ അനുഭവിച്ച കാര്യങ്ങൾ ആസ്വദിച്ചും യുക്തിപൂർവം വിശകലനം ചെയ്തും വർണ്ണന തയ്യാറാക്കുന്നു.

*സൂചകങ്ങൾ*

എ)
- കാഴ്ചയുടെ സൗന്ദര്യത്തെ ഉചിതമായ വാക്കുകളിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)
- മുന്നനുഭവങ്ങളെയും ഉദാഹരണങ്ങളെയും ഉൾക്കൊള്ളിച്ച് വർണനാനുഭവം സൃഷ്ടിക്കുന്നുണ്ട്. (1)
- കാഴ്ചയുടെ വിശദാംശങ്ങൾ ഭാവനാംശം കലർത്തി അവതരിപ്പിച്ചിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

**ബി)** കാപ്പിരികളുടെ നാട്ടിൽ (1)

**പ്രവർത്തനം 5 : സംഭാഷണം**

*പഠനനേട്ടം*

- പ്രത്യേക സന്ദർഭത്തെ അടിസ്ഥാനമാക്കി സാഹചര്യങ്ങൾക്കിണങ്ങിയ രീതിയിൽ കഥാപാത്രങ്ങൾ തുടർച്ച പാലിച്ച് സംഭാഷണങ്ങൾ തയ്യാറാക്കുന്നു.

*സൂചകങ്ങൾ*

- സംഭാഷണത്തിൽ പരസ്പരബന്ധവും തുടർച്ചയും പാലിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ ഭാഷ (പ്രയോഗങ്ങൾ, ശൈലികൾ) ഉപയോഗിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ തുടക്കം, ഒടുക്കം, വാക്യഘടന എന്നിവ പാലിച്ചിട്ടുണ്ട്. (1)
- തുടർച്ച പാലിച്ചിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)